"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 08-04-2021

## സർക്കുലർ നം 21

ഇ-പ്രിസണിൽ തടവുകാരുടെ ഫിംഗർ പ്രിന്റ് ശേഖരിക്കുന്നതിനായി എല്ലാ ജയിലുകളിലേയ്ക്കും ഫിംഗർ പ്രിന്റ് സ്കാനർ (Mantra MFS-100) വിതരണം ചെയ്ത് ഇൻസ്റ്റലേഷൻ പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. ആയതിനാൽ കോവിഡ് മാനദണ്ഡം പാലിച്ച് ഇ-പ്രിസണിൽ എല്ലാ തടവുകാരുടെയും ഫിംഗർ പ്രിന്റ് രേഖപ്പെടുത്തിവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

03.10.2020 തീയതിയിലെ സർക്കുലർ നം.78 പ്രകാരം സി.എഫ്.എൽ.റ്റി. സെന്ററിൽ കഴിയുന്ന തടവുകാരുടെ ഉൾപ്പെടെയുള്ള വിവരങ്ങൾ ഇ-പ്രിസണിൽ യഥാസമയം രേഖപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 05.04.2021ൽ ജയിൽ ആസ്ഥാനകാര്യാലയത്തിൽ നിന്നും ഒരു തടവുകാരൻ ജയിലിൽ പ്രവേശിപ്പിക്കപ്പെട്ടോ എന്ന വിവരം അറിയുന്നതിനായി ഇ-പ്രിസണിൽ സേർച്ച് ചെയ്തപ്പോൾ ടിയാന്റെ വിവരം ഇ-പ്രിസണിൽ രേഖപ്പെടുത്താത്തതിനാൽ ടിയാൻ ജയിലിൽ പ്രവേശിച്ചിരുന്നില്ല എന്നുള്ള തെറ്റായ വിവരമാണ് ലഭ്യമായത്. യഥാർത്ഥത്തിൽ 01.04.2020ൽ ജയിലിൽ പ്രവേശിപ്പിക്കപ്പെട്ട ടിയാന്റെ വിവരം 05.04.2021ൽ തിരഞ്ഞപ്പോൾ ലഭിക്കാതിരുന്നത് ഇ-പ്രിസണിൽ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്താത്തുകൊണ്ടാണെന്ന് ബോധ്യപ്പെട്ടിരിക്കുന്നു. ഇ-പ്രിസണിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തുന്നതിനായി ഓരോ ജയിലിലും ഇ-പ്രിസൺ ചാർജ്ജ് ഓഫീസർ, ഇ-പ്രിസൺ സൂപ്പർവൈസർ എന്നിങ്ങനെ ഓരോ ഉദ്യോഗസ്ഥർക്ക് ചുമതല നൽകിയിട്ടുണ്ട്.

ജയിലിൽ പ്രവേശിപ്പിക്കപ്പെടുന്ന തടവുകാരന്റെ വിവരം (സി.എഫ്.എൽ.റ്റി. സെന്റർ ഉൾപ്പെടെ) യഥാസമയം ഇ-പ്രിസണിൽ രേഖപ്പെടുത്തേണ്ടതാണ്. വീണ്ടും ഇക്കാര്യത്തിൽ വീഴ്ചവരുത്തുകയാണെങ്കിൽ ടി ജയിലിലെ സൂപ്രണ്ട്, ഇ-പ്രിസൺ ചാർജ്ജ് ഓഫീസർ, ഇ-പ്രിസൺ സൂപ്പർവൈസർ എന്നിവർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

മേഖലാ ഡി.ഐ.ജി.മാർ അവരവരുടെ മേഖലയിൽ ജയിലുകളിലെ ഇ-പ്രിസണിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോ എന്ന് ശ്രദ്ധിക്കേണ്ടതും സന്ദർശനവേളയിൽ ഇക്കാര്യം പരിശോധിക്കേണ്ടതുമാണ്.

ബഹു. ജയിൽ വകുപ്പ് മേധാവിയുടെ ജയിൽ സന്ദർശനവേളയിൽ ഈ വിധ വിഷയങ്ങൾ പ്രത്യേകം പരിശോധിക്കുന്നതാണെന്ന് അറിയിപ്പ് നൽകിയിട്ടുണ്ട്. ആയതിനാൽ മേൽ പറഞ്ഞ നിർദ്ദേശങ്ങൾ അടിയന്തിരമായി പാലിക്കേണ്ടതും തുടർന്നും യഥാസമയം ഇപ്രിസണിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ട് എന്ന് സൂപ്രണ്ടുമാർ വ്യക്തിപരമായി ഉറപ്പുവരുത്തേണ്ടതുമാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

DIG(HQ)-8712/2021/PrHQ

b275d5

സ്വീകർത്താവ്:  എല്ലാ സ്ഥാപന മേധാവികൾക്കും

പകർപ്പ് :  ഡി.ഐ.ജി ഓഫ് പ്രിസൺസ്,
ദക്ഷിണ/ഉത്തര/മദ്ധ്യ മേഖല.

DIG(HQ)-8712/2021/PrHQ

b275d5